നമ്പർ. സി1/ഇ-13256/റ്റിസി/2020

ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്, കേരളം,
ഒന്നാം നില, ട്രാൻസ് ടവേഴ്സ്, വഴുതക്കാട്, തൈക്കാട് പി.ഒ തിരുവനന്തപുരം - 14,
[☎0471-2333337/2333317 ഫാക്സ് 0471-2333314]
www.mvd.kerala.gov.in [ഇ-മെയിൽ - tcoffice.mvd@kerala.gov.in ]

തീയ്യതി, 08/06/2020

പ്രേഷകൻ,

ട്രാൻസ്പോർട്ട് കമ്മീഷണർ,
തിരുവനന്തപുരം.

സ്വീകർത്താവ്,

1. എല്ലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാർക്കും
2. എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും
3. എല്ലാ ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും

സർ,

വിഷയം :- ***മോട്ടോർ വാഹന വകുപ്പ്*** – സാരഥി സോഫ്റ്റ്‌വെയർ നടപ്പിൽ വരുത്തുന്നതിനോടനുബന്ധിച്ച് – ലൈസൻസുകളിലെ ആട്ടോറിക്ഷ ക്ലാസ്സ് - ഇ-റിക്ഷ എന്ന് മാറ്റുന്നതുമായി - ബന്ധപ്പെട്ട്.

സൂചന :-

മോട്ടോർ വാഹന വകുപ്പിലെ എല്ലാ ആർ.ടി.ഓഫീസുകളിലും സബ് ആർ.ടി.ഓഫീസുകളിലും കേന്ദ്രീകൃത സോഫ്റ്റ്‌വെയറായ പരിവാഹനിലേക്ക് മാറ്റിയിട്ടുണ്ട്. അതിന്റെ ഭാഗമായി 01.01.2019 മുതൽ പുതിയ ഡ്രൈവിംഗ് ലൈസൻസുകൾ കേന്ദ്രീകൃത സംവിധാനമായ സാരഥി മുഖേനയാണ് നൽകുന്നത്. പഴയ സംവിധാനം വഴി നൽകിയിട്ടുള്ള നിലവിലെ എല്ലാ ലൈസൻസുകളും സാരഥിയിലേക്ക് മാറ്റേണ്ടതുണ്ട്. ഈ പ്രക്രിയ ഇപ്പോൾ നടന്നു വരുകയും ഏകദേശം 80% ത്തോളം വിവരങ്ങൾ പോർട്ടിംഗിന്റെ വിവിധ ഘട്ടങ്ങളിലാണ്.

കേന്ദ്ര മോട്ടോർ വാഹന നിയമപ്രകാരവും, ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ വിധിയുടെ അടിസ്ഥാനത്തിലും "ഓട്ടോറിക്ഷ" എന്ന ക്ലാസ്സ് സാരഥി സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തിയിട്ടില്ല.

കേരള മോട്ടോർ വാഹന ചട്ടത്തിൽ നിർവ്വചിക്കപ്പെട്ടിട്ടുള്ള ഓട്ടോറിക്ഷ എന്ന ക്ലാസ്സ് സംസ്ഥാനത്ത് ധാരാളമായി നൽകിയിട്ടുണ്ട്. എന്നാൽ സാരഥിയിൽ ഈ ക്ലാസ്സ് നിർവ്വചികപ്പെട്ടിട്ടില്ലാത്തതിനാൽ ഓട്ടോറിക്ഷ എന്ന ക്ലാസ്സ് സാരഥിയിലേക്ക് പോർട്ട് ചെയ്യാൻ നിർവ്വാഹമില്ലാത്ത സാഹചര്യത്തിൽ താഴെ പറയുന്ന നിർദ്ദേശങ്ങൾ നൽകുന്നു.

1. സാരഥി പ്രകാരം എൽ.എം.വി. ലൈസൻസുള്ള ഏതൊരാൾക്കും ഓട്ടോറിക്ഷ ഓടിക്കുവാൻ സാധിക്കുന്നതാണ്. പ്രത്യേകമായി ഓട്ടോറിക്ഷ ലൈസൻസ് ആവശ്യമില്ല.
2. നിലവിൽ ഓട്ടോറിക്ഷ ക്ലാസ്സ് മാത്രം ഉള്ള ലൈസൻസുകൾ ഇ-റിക്ഷ എന്ന വിഭാഗത്തിലേക്ക് ആണ് ഇപ്പോൾ പോർട്ട് ചെയ്യപ്പെടുന്നത്. ഇത്തരം ലൈസൻസ് ഉടമകൾക്ക് ഓട്ടോറിക്ഷ ഓടിക്കുവാൻ പുതുതായി എൽ.എം.വി.ലൈസൻസ് എടുക്കേണ്ടിവരില്ല.
3. 01.01.2019 ന് മുൻപ് പഴയ സംവിധാനം മുഖേന ലഭ്യമായിട്ടുള്ള എല്ലാ ഇ-റിക്ഷ ക്ലാസ്സ് ഉള്ള ലൈസൻസ് ഉടമകൾക്ക് ഓട്ടോറിക്ഷ ഓടിക്കുവാനുള്ള അനുവാദം ഉള്ളതായിരിക്കും.

വിശ്വസ്തതയോടെ,

ട്രാൻസ്പോർട്ട് കമ്മീഷണർ